## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1099** **12/03/2015-ൽ മറുപടിക്ക്**

### ഫോക്കസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ 60 കുട്ടികളിൽ കുറവുമാത്രം പഠിക്കുന്ന വിദ്യാലയങ്ങളെയാണ് ഫോക്കസ് 2015 പദ്ധതിയിൽ ഉൾക്കൊള്ളിച്ചത്. അപ്രകാരം സംസ്ഥാനത്തുടനീളം 3560 വിദ്യാലയങ്ങൾ കണ്ടെത്തി. അവയിൽ 1568 വിദ്യാലയങ്ങളിൽ ഒന്നാംഘട്ടമായി പ്രവർത്തനങ്ങൾ 2014-15 വർഷം ആരംഭിച്ചു. വരും വർഷം (2015-16 ൽ) ശേഷിക്കുന്ന വിദ്യാലയങ്ങളിൽ കൂടി പ്രസ്തുത പരിപാടി വ്യാപിപ്പിക്കും. |
| (ബി) ഫോക്കസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണ്; | (ബി) 60 കുട്ടികളിൽ താഴെമാത്രം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക എന്നതാണ് പ്രവർത്തന രീതി.<br><br>ഫോക്കസ് വിദ്യാലയങ്ങളിലെ നിലവിലെ അവസ്ഥ പഠിക്കുക, ഈ അവസ്ഥക്കുള്ള കാരണങ്ങൾ കണ്ടെത്തുക, സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുക, ഭൗതികവും അക്കാദമികവുമായ വളർച്ച ഉറപ്പാക്കുക, ആവശ്യമായ പ്രത്യേക പിന്തുണ എസ്.എസ്.എ. സംവിധാനത്തിലൂടെ ലഭ്യമാക്കുക, അടുത്ത വിദ്യാഭ്യാസ വർഷം കൂടുതൽ കുട്ടികളെ ആകർഷിക്കുക എന്നിവയാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | (സി) ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നതിനായി അവസ്ഥാ പഠനം നടത്തി വിദ്യാലയ മികവ്/പരിമിതി നിശ്ചയിക്കുക, മാർഗ്ഗരേഖകൾ, കൈപ്പുസ്തകങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുക, അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക ഒത്തുചേരലുകൾ സംഘടിപ്പിക്കുക, തദ്ദേശ സ്ഥാപനം, എം.എൽ.എ എന്നിവരുടെ സഹായം ഉറപ്പാക്കുക, പിന്തുണ നൽകാൻ ബി.ആർ.സി. കളെ നിയോഗിക്കുക, നിരന്തര പിന്തുണയും മേൽനോട്ടവും ലഭ്യമാക്കുക, വിദ്യാലയ മികവ് സമൂഹത്തിനെ അറിയിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വിദ്യാലയവികസനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**